പതിമൂന്നാം കേരള നിയമ സഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3971 — 27.6.2012 ൽ മറുപടിക്ക്

## മരുന്നുകൾക്ക് അകാരണമായി വില വർദ്ധിപ്പിക്കുന്ന കമ്പനികൾക്കെതിരെ നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും<br>വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് മഴക്കാലരോഗങ്ങൾ മുന്നിൽകണ്ട് മരുന്ന് കമ്പനികൾ അപ്രധാന ചേരുവകളുടെ പേരുകൾ കൂടി ഉൾപ്പെടുത്തി മരുന്നുകളുടെ വില വർദ്ധിപ്പിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി))എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ | (ബി)മരുന്നിന്റെ പായ്ക്കറ്റിൽ സൂചിപ്പിച്ചിരിക്കുന്ന പരമാവധി വിലയേക്കാൾ കൂടുതൽ വിലയ്ക്ക് മരുന്നു വിൽക്കുവാൻ പാടുള്ളതല്ലായെന്ന് എസൻഷ്യൽ കമോഡിറ്റീസ് ആക്ടിൻകീഴിലുള്ള ഡ്രഗ്സ് പ്രൈസ് കൺട്രോൾ ഓർഡർ പ്രകാരം നിഷ്കർഷിച്ചിട്ടു്. കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റിയാണ് ഇൻഡ്യയിൽ ഒട്ടാകെ മരുന്നുകളുടെ പരമാവധി വില നിശ്ചയിച്ചുറപ്പിക്കുന്നത് എന്നാൽ എൻ.പി.പി.എ. നാളിതുവരേക്കും 74 മരുന്നുകൾക്കും അവയുടെ വിവിധ കോമ്പിനേഷനുകൾക്കും മാത്രമായി പരമാവധി വില നിശ്ചയിച്ചിട്ടുള്ളത്. ഇതുകൂടാതെയുള്ള മറ്റു മരുന്നുകൾക്ക് യാതൊരു വില നിയന്ത്രണവും നിലവിലില്ല. ഓരോ വർഷവും പഴയ വിലയേക്കാളും 10% വരെ വില വർദ്ധിപ്പിക്കുവാൻ ഔഷധ നിർമ്മാതാക്കൾക്ക് എൻ.പി.പി.എ.-യുടെ അനുവാദം ഉണ്ട്. ഡ്രഗ്സ് പ്രൈസ് കൺട്രോൾ ഓർഡറിന്റെ അടിസ്ഥാനത്തിൽ വില നിയന്ത്രണത്തിന് വിധേയമാകുക യും എന്നാൽ പ്രസ്തുത നിയന്ത്രണം മറികടക്കുവാൻ കമ്പനികൾ വിവിധ ചേരുവകൾ ഉൾപ്പെടുത്തിയും നിയന്ത്രിത ചേരുവകളുടെ Strength-ൽ വ്യത്യാസം വരുത്തിയും കമ്പനികൾ മരുന്നുകളുടെ വിലകൂട്ടി വിപണിയിൽ വിറ്റഴിക്കുന്നതായി ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. തുടർന്നുള്ള അന്വേഷണത്തിൻപ്രകാരം ഇപ്രകാരം വിറ്റഴിക്കപ്പെടുന്ന മരുന്നുകളും 10 മുതൽ 30% വരെ വാർഷിക വിലവർദ്ധനവ് ക ണ്ടെത്തിയിട്ടുള്ള മരുന്നുകളുടെ വിശദാംശങ്ങളും തുടർ നടപടികൾക്കായി കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റിയെ അറിയിച്ചിട്ടുണ്ട്. ബ്രാൻഡിൽ പേരുമാറ്റം |

| | |
|---|---|
| | വരുത്താതെ ചേരുവകളിൽ മാറ്റം വരുത്തി വിൽപന നടത്തിയിരുന്ന മരുന്നിന്റെ വിതരണവും വില്പനയും പൂർണ്ണമായും തടഞ്ഞിട്ടുണ്ട്. |
| (സി) ഇപ്രകാരം മരുന്നുകൾക്ക് അകാരണമായി വിലവർദ്ധിപ്പിക്കുന്ന കമ്പനികൾക്കെതിരെ നടപടികൾ സ്വീകരിക്കുമോ? | (സി) ഇപ്രകാരം മരുന്നുകൾക്ക് അകാരണമായിവിലവർദ്ധിപ്പിക്കുന്ന കമ്പനികൾക്കെതിരെ നടപടി സ്വീകരിച്ചിട്ടു ണ്ട്. 2011-ൽ നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അ തോറിറ്റി നിശ്ചയിച്ചുറപ്പിച്ച വിലയേക്കാൾ കൂടുതൽ വില ഈടാക്കുന്ന 70-ഓളം ബ്രാൻഡുകളും 2012-ൽ നാളിതു വരെ 40-ഓളം ബ്രാൻഡുകളുടെയും വില്പന ഡ്രഗ്സ് കൺട്രോൾ വകുപ്പ് തടഞ്ഞ് അനന്തര നടപടികൾക്കായി നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റിയെ അറിയിച്ചിട്ടുണ്ട്. നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റി വില നിശ്ചയിച്ചുറപ്പിച്ചിട്ടുള്ള 74 മരുന്നുകളും അവയുടെ വിവിധ കോമ്പിനേഷനുകളും കൂടാതെയുള്ള മറ്റു മരുന്നുകൾക്ക് യാതൊരു വില നിയന്ത്രണവും നിലവിലില്ല എന്നിരുന്നാലും മറ്റു സമമായ ബ്രാൻഡുകളേക്കാളും വളരെയധികം വില കൂടുതലായി കാണപ്പെടുന്ന മരുന്നുകളും ഓരോ വർഷവും പഴയ വിലയേക്കാളും 10 % വില അധികം ഈടാക്കുന്ന മരുന്നുകളുടെ വിവരങ്ങളും ഡ്രഗ്സ് കൺട്രോൾ വകുപ്പ് നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റിയെ അറിയിക്കാറു ണ്ട്. |

സെക്ഷൻ ഓഫീസർ